8. മെക്കാനിക്കൽ ആട്ടോമൊബൈൽ
9. പോളിമർ എഞ്ചിനീയറിംഗ്
10. ഇൻഫർമേഷൻ ടെക്നോളജി
11. സേഫ്റ്റി &ഫയർ എഞ്ചിനീയറിംഗ്
12. എം.സി.എ.

മറ്റ് സ്വാശ്രയ കോളേജുകൾ

1. ബി.എസ്സ്.സി. കമ്പ്യൂട്ടർ സയൻസ്
2. ബി.എസ്സ്.സി. ഇലക്ട്രോണിക്സ്
3. ഡി.സി.എ.
4. ബി.എ.ഇക്കോണമിക്സ്.
5. ബി.കോം
6. ബി.എസ്സ്.സി ഫിസിക്സ്
7. ബി.എസ്സ്.സി. (മാത്സ്)
8. ബി.എസ്സ്.സി (പോളിമർ കെമിസ്ട്രി)
9. വിവിധ വിഷയങ്ങളിൽ ബി.എ.

(ഇ) കോളേജുകളിൽനിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) സർക്കാർ, അർദ്ധ സർക്കാർ, സഹകരണമേഖലയിലെ സ്വാശ്രയകോളേജുകളിൽ ഓപ്പൺ അഡ്വർടൈസ്മെന്റ്വഴി സംവരണ മാനദണ്ഡങ്ങൾ പാലിച്ചും ഡെപ്യൂട്ടേഷൻ മുഖേനയും, സ്വകാര്യ സ്വാശ്രയ കോളേജുകളിൽ യൂണിവേഴ്സിറ്റി എ.ഐ.സി.ടി./ഗവ: നിയമങ്ങൾക്കു വിധേയമാണ് നിയമനങ്ങൾ നടത്തുന്നത്.

(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**63 (1279) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് വാങ്ങിയ സ്ഥലം**

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ തൊടുപുഴയിൽ പ്രവർത്തിച്ചുവരുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് എത്ര ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്; എവിടെയെല്ലാം; സ്ഥലത്തിന് മൊത്തം എന്ത് വിലയായി;

(ബി) ഏത് രജിസ്ട്രേഷൻ ഓഫീസിലാണ് സ്വാശ്രയ കോളേജിനുവേണ്ടി വാങ്ങിയിരിക്കുന്ന സ്ഥലം രജിസ്ട്രേഷൻ നടത്തിയിരിക്കുന്നത്; രജിസ്ട്രേഷൻ നമ്പർ, തീയതി, അടങ്കൽ തുക എന്നിവ എത്രയെന്ന് വെളിപ്പെടുത്തുമോ; എത്ര രൂപയാണ് രജിസ്ട്രേഷൻ ഫീസ് അടച്ചിരിക്കുന്നത്;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി ആരാണ് രജിസ്ട്രേഷൻ നടപടികൾ നിയമപരമായി നടത്തിയിട്ടുള്ളത്; വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

64 (1280) പേയ്മെന്റ് സീറ്റിന് നൽകേണ്ട ഫീസ്

ശ്രീ. ബി. വിജയകുമാർ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പേയ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥി എന്തെല്ലാം വിധത്തിലുള്ള ഫീസുകളും ഡെപ്പോസിറ്റുകളുമാണ് നൽകേണ്ടത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ ആവശ്യമായ സാമ്പത്തികസഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ;

(ഡി) ഈ തുക വായ്പയായോ ഗ്രാന്റായോ ആണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) വായ്പയായാണ് നൽകുന്നതെങ്കിൽ അത് അടച്ചുതീർക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(എഫ്) പേയ്മെന്റ് സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജും, കൊച്ചി സർവ്വകലാശാലയുടെ ആലപ്പുഴ എഞ്ചിനീയറിംഗ് കോളേജും ഒഴികെയുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനത്തിന് നിലവിലുള്ള ഫീസ് വിവരം താഴെപ്പറയും പ്രകാരമാകുന്നു.

പേയ്മെന്റ് സീറ്റ്

നാല് വർഷം കഴിഞ്ഞ് തിരിച്ചുനൽകുന്ന പലിശരഹിതനിക്ഷേപമായി ഒരു ലക്ഷം രൂപയും വാർഷികഫീസായി ഇരുപത്തിഅയ്യായിരം രൂപയും.

എൻ.ആർ.ഐ. സീറ്റ്

തിരികെ നൽകാത്ത അയ്യായിരം അമേരിക്കൻ ഡോളർ, ഡെവലപ്മെന്റ് ഫണ്ടും, ഇരുപത്തയ്യായിരം രൂപ വാർഷിക ഫീസും.

എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളജ് :

പേയ്മെന്റ് സീറ്റ് : മുപ്പത്തിഅയ്യായിരം രൂപ.

എൻ.ആർ.ഐ. : അയ്യായിരം അമേരിക്കൻ ഡോളറും മുപ്പത്തിഅയ്യായിരം രൂപ വാർഷിക ഫീസും.

LIBRARY ARCHIVES Kerala Legislative Assembly